# STD - VI

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത് മോചനം ഒരു വിളിപ്പാടകലെ ഭാഗം - ഒന്ന്

### ലക്ഷ്യം

ഇസ്രായേലിന്റെ അടിമത്തത്തിനു കാരണം, ദൈവത്തോടുള്ള അവരുടെ അവിശ്വസ്തതയായിരുന്നു. ദൈവത്തിന്റെ പ്രവാചകന്മാരെ അവർ തിരസ്കരിച്ചു. വിഗ്രഹാരാധനയും സാമൂഹിക അനീതിയും ദൈവകോപതത്തിനു കാരണമായി.

ഏതൊരു വിഷമസന്ധിയിലും വിശ്വസ്തതയോടെ ദൈവത്തിൽ ആശ്രയിച്ചാൽ ദൈവം തന്റെ ജനത്തെ കൈവിടില്ല എന്ന ആത്മധൈര്യം ഉണ്ടായിരിക്കണം. സ്വാർത്ഥത വെടിഞ്ഞ് നന്മകൾ ചെയ്ത് ദൈവത്തെയും മനുഷ്യരെയും ഞാൻ സ്നേഹിക്കും.

### പഠനസഹായികൾ

* ബൈബിൾ കഥകൾ - യൂ-ട്യൂബ് വീഡിയോ
* സോളമൻ രാജാവ് - യൂ-ട്യൂബ്
* സാമൂഹിക അനീതി, ദൈവകോപത്തിന് കാരണമാക്കുന്ന തിന്മകൾ സൂചിപ്പക്കുന്ന ചിത്രങ്ങൾ
* പ്രവാചകന്മാരുടെ ചിത്രങ്ങൾ - ഏലിയാ, ഏലീഷാ, യോനാ, ആമോസ്, ഹോസിയ, ജോയേൽ, സഖറിയ, ഏശയ്യാ, ജറെമിയ (യൂ-ട്യൂബ്)

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്തോടുള്ള ഇസ്രായേൽ ജനത്തിന്റെ അവിശ്വസ്തതയായിരുന്നു ഇസ്രായേലിന്റെ അടിമത്തത്തിനു കാരണം.
* ഇസ്രായേലിന്റെ വിഭജനം
* അസ്സീരിയൻ വിപ്രാസം
* പ്രധാന രാജാക്കന്മാർ - വടക്കൻ ഇസ്രായേൽ
* പ്രധാന പ്രവാചകന്മാർ - വടക്കൻ ഇസ്രായേൽ
* യൂദാരാജ്യവും ബാബിലോണിയൻ വിപ്രാസവും
* യൂദായിലെ പ്രധാന രാജാക്കന്മാർ
* യൂദായിലെ പ്രധാന പ്രവാചകന്മാർ

## പ്രാർത്ഥന

കർത്താവായ ദൈവമേ, ഈ ലോകമോഹങ്ങളിൽ അകപ്പെടാതെ ദൈവഭയത്തിൽ ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ഇസ്രായേലിന്റെ അടിമത്ത്വത്തിനു കാരണം എന്തായിരുന്നു?
2. എന്താണ് അസ്സീരിയൻ വിപ്രവാസത്തിനുള്ള കാരണം?
3. യൂദായിലെയും ഇസ്രായേലിലേയു പ്രധാന രാജാക്കന്മാർ ആരെല്ലാം?
4. ഏതെല്ലാം ഗോത്രങ്ങൾ ചേർന്നാണ് യൂദാരാജ്യം രൂപപ്പെട്ടത്
5. ഇസ്രായേലിലേയും, യൂദായിലേയും പ്രധാന പ്രവാചകന്മാർ ആരെല്ലാം.

# STD - VI

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത്    മോചനം ഒരു വിളിപ്പാടകലെ    ഭാഗം - രണ്ട്

### ലക്ഷ്യം

മനുഷ്യൻ സ്വാർത്ഥതമൂലം ദൈവ-മനുഷ്യബന്ധം വിച്ഛേദിക്കുമ്പോഴാണ് വിപ്രവാസം ആരംഭിക്കുന്നത്. സ്വാർത്ഥത വെടിഞ്ഞ് ദൈവത്തെയും മനുഷ്യനെയും സ്നേഹിച്ചു ജീവിക്കുമ്പോൾ നാം യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നു.

നമ്മുടെ ജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ചു ജീവിക്കുവാൻ ശ്രമിച്ചാൽ എല്ലാ അടിമത്വങ്ങളിൽ നിന്നും ദൈവം നമ്മെ മോചിപ്പിക്കും. ഞങ്ങൾ ദൈവാശ്രയത്തിൽ നിത്യവും ജീവിക്കും.

### പഠനസഹായികൾ

* ബൈബിൾ കഥകൾ - യൂ-ട്യൂബ്
* വചനം - 2 സാമുവൽ 7:12-14, ഏശയ്യാ. 7:14
* ചാർട്ട് - വിപ്രവാസത്തിനുള്ള കാരണങ്ങൾ
* ചാർട്ട് - വിപ്രവാസം മൂലം ഇസ്രായേലിന് നഷ്ടമായത്.

### പാഠത്തിന്റെ ഉള്ളടക്കം

* സ്വർണം ഉലയിൽ ഉരുക്കി ശുദ്ധീകരിക്കുന്നതുപോലെ, ഇസ്രായേലിന്റെ വിശ്വാസം ദൈവം ശുദ്ധീകരിച്ച കാലഘട്ടമാണ് വിപ്രവാസം.
* വിപ്രവാസത്തിനുള്ള കാരണങ്ങൾ
* വിപ്രവാസം മൂലം ഇസ്രായേലിനു നഷ്ടമായവ
* പ്രവാസാനന്തരകാലം
* വിപ്രവാസത്തിന്റെയും ആധിപത്യങ്ങളുടെയും കാലഘട്ടം.
* നമ്മുടെ ജീവിതം ദൈവകരങ്ങളിൽ സമർപ്പിക്കുക. എല്ലാവിധ അടിമത്തങ്ങളിലും നിന്ന് ദൈവം നമ്മെ മോചിപ്പിക്കും.

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, ലൗകിക സന്തോഷങ്ങൾക്ക് അടിമപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, നല്ല ശീലങ്ങളോടെ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. വിപ്രവാസത്തിനുള്ള കാരണങ്ങൾ എന്തെല്ലാം?
2. വിപ്രവാസം മൂലം ഇസ്രായേലിനു നഷ്ടമായത് എന്തെല്ലാം?
3. വിപ്രവാസകാലത്തിനുശേഷം ഇസ്രായേൽക്കാർക്ക് പ്രത്യാശ നൽകിയിരുന്നത് എന്ത്?
4. എന്ത് വിച്ഛേദിക്കുമ്പോഴാണ് വിപ്രവാസം ആരംഭിക്കുന്നത്?
5. ആരുടെ വരവിനായിട്ടാണ് ഇസ്രായേൽക്കാർ കാത്തിരുന്നത്? എങ്ങനെയാണ് കാത്തിരുന്നത്?